# 'ആശ്രയം'

സങ്കീർത്തനങ്ങൾ 138:7,8

''ഞാൻ കഷ്ടതയുടെ നടുവിൽ നടന്നാലും നീ എന്നെ ജീവിപ്പിക്കും; എന്റെ ശത്രുക്കളുടെ ക്രോധത്തിന്നു നേരെ നീ കൈ നീട്ടും; നിന്റെ വലങ്കൈ എന്നെ രക്ഷിക്കും. യഹോവ എനിക്കുവേണ്ടി സമാപ്തിവരുത്തും; യഹോവേ, നിന്റെ ദയ എന്നേക്കുമുള്ളതു; തൃക്കൈകളുടെ പ്രവൃത്തിയെ ഉപേക്ഷിക്കരുതേ.''

ദൈവത്തിൽ മാത്രം ആശ്രയം വച്ചു മുമ്പോട്ടു പോകുന്ന ഒരുവന്റെ ജീവിതത്തിലേക്ക് കഷ്ടതകൾ കൊടുങ്കാറ്റുപോലെ കടന്നുവരും. മരണത്തിന്റെ താഴ്‌വരയിലൂടെ അവന് യാത്ര ചെയ്യേണ്ടി വരും. നമ്മെ വിളിച്ച് വേർതിരിച്ച ദൈവത്തിന്റെ കരങ്ങൾ നമ്മെ അന്ധകാരത്തിന്റെ അഗാധങ്ങളിൽ നിന്നും കോരിയെടുത്തു രക്ഷിക്കും. ഈ വാസ്തവം അനുദിന ജീവിതത്തിൽ അനുഭവിച്ചറിഞ്ഞാണ് ദാവീദ് ഈ സങ്കീർത്തനം പാടുന്നത്. ശത്രുവിന്റെ ക്രോധങ്ങൾ പലപ്പോഴും ഒരു ദൈവപൈതലിന് ആപത്തുകളും അനർത്ഥങ്ങളും സൃഷ്ടിക്കുമെങ്കിലും അതിന്റെയൊക്കെ നടുവിലും എന്നെ താങ്ങുകയും എന്നോടുകൂടെ നടക്കുകയും ചെയ്യുന്ന ആ ദൈവത്തിലാണ് എന്റെ ആശ്രയം. അതുകൊണ്ടുതന്നെ ഈ പ്രതികൂല സാഹചര്യങ്ങൾക്കൊന്നും എന്നെ തകർത്തു കളയുവാൻ കഴിയുകയില്ല എന്ന ബോധ്യം നമ്മുടെ ഹൃദയത്തിലേക്ക് ആഴ്ന്നിറങ്ങണം. ദൈവത്തിന്റെ ദയയെക്കുറിച്ച് സദാ ബോധവാനായിരുന്ന ദാവീദിന്റെ പ്രാർത്ഥനകളിൽ ആകാശത്തോളമെത്തുന്ന ആ ദയയെ വർണ്ണിക്കുകയും തന്നെ ഉപേക്ഷിക്കരുതെ എന്ന് നിലവിളിക്കുകയും ചെയ്യുന്നു.

മരണസമാനമായ കഷ്ടതയുടെ നടുവിലൂടെ കടന്നുപോകുമ്പോൾ നമ്മുടെ വിശ്വാസവും, പ്രത്യാശയും നഷ്ടപ്പെടാനിടയാകരുത്. നാം വിശ്വാസമർപ്പിച്ചിരിക്കുന്ന നമ്മുടെ കർത്താവ് തന്റെ വലംകൈ നീട്ടി നമ്മെ താങ്ങുകയും നമ്മെ ജീവിപ്പിക്കുകയും ചെയ്യും. നമ്മെ തകർക്കുവാനായി തക്കം പാർത്തു നടക്കുന്ന ശത്രുവിന്റെ ക്രോധത്തിനു നേരെ നമ്മുടെ ദൈവം നമ്മെ രക്ഷിക്കുന്ന ഒരു ദിവസം വരും. നമ്മുടെ പ്രശ്നങ്ങൾക്ക് പരിഹാരം നൽകുവാൻ അവനെന്നും മതിയായവനാണ്. നിരാശപ്പെടാതെ അവന്റെ അനന്തമായ കരുണയിൽ ആശ്രയിച്ച് ''തൃക്കൈയുടെ പ്രവൃത്തിയെ ഉപേക്ഷിക്കരുതെ'' എന്നുള്ള നിലവിളിയോടെ അവന്റെ കണ്ണുകളിലേക്ക് മാത്രം നോക്കി കാത്തിരിക്കുക. അവന്റെ കരങ്ങൾ നമ്മെ കോരിയെടുത്ത് രക്ഷിക്കും.

പരാമർശം :

സദൃശവാക്യങ്ങൾ 3:5,6

പൂർണ്ണഹൃദയത്തോടെ യഹോവയിൽ ആശ്രയിക്ക; സ്വന്ത വിവേകത്തിൽ ഊന്നരുതു. നിന്റെ എല്ലാവഴികളിലും അവനെ നിനെച്ചുകൊൾക; അവൻ നിന്റെ പാതകളെ നേരെയാക്കും.

സിസ്റ്റർ. ജെയ്മി ബിജു കോതമംഗലം 08